**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2939

28/01/2014-ൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്നത്

## പ്രീ-പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കും ശമ്പളം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ: | ശ്രീ. പി.കെ. അബ്ദുറബ്ബ് (മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രൈമറി സ്കൂളുകളിൽ പ്രീ-പ്രൈമറി വിഭാഗം തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | (എ) പുതുതായി പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (ബി) സംസ്ഥാനത്തിൽ ഇത്തരത്തിൽ എത്ര പ്രീ-പ്രൈമറി വിഭാഗമാണ് പ്രൈമറി സ്കൂളുകളിലും, യു.പി.സ്കൂളുകളോടൊപ്പമുള്ള പ്രൈമറി വിഭാഗത്തിലും പ്രവർത്തിക്കുന്നത് എന്ന് അറിയിക്കുമോ; | (ബി) ഇപ്പോൾ സർക്കാരിന്റെയും, പി.ടി.എ കളുടെയും നിയന്ത്രണത്തിൽ ആകെ 1924 (ആയിരത്തിതൊള്ളായിരത്തി ഇരുപത്തിനാല്) പ്രീ-പ്രൈമറി വിഭാഗങ്ങൾ പ്രവർത്തിച്ചു വരുന്നു. |
| (സി) അനുബന്ധ പ്രീ-പ്രൈമറി വിഭാഗത്തിൽ ശമ്പളമില്ലാതെ പ്രവൃത്തിയെടുക്കുന്ന പ്രീപ്രൈമറി അദ്ധ്യാപകരുടേയും ആയമാരുടെയും വിവരം ഇനം തിരിച്ച് അറിയിക്കുമോ; | (സി) അനുബന്ധമായി ചേർത്തിരിക്കുന്നു |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ജീവനക്കാർക്ക് ശമ്പളം ലഭ്യമാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന-റിയിക്കുമോ; | (ഡി) & (ഇ) | സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി ക്ലാസുകളിൽ 01/08/12—ൽ ജോലിയിലിരുന്ന എല്ലാ അദ്ധ്യാപകർക്കും ആയമാർക്കും പ്രതിമാസം യഥാക്രമം 5000/- (അയ്യായിരം) രൂപയും 3500/- (മൂവായിരത്തി അഞ്ഞൂറ്) രൂപയും 01.08.2012 മുതൽ ഓണറേറിയമായി നൽകിവരുന്നുണ്ട്. നിബന്ധനകൾ പാലിക്കാതെ പി.റ്റി.എ നിയമനം നൽകിയവർക്കാണ് ഓണറേറിയം ലഭിക്കാത്തത്. |
| (ഇ) | ഇല്ലെങ്കിൽ ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് വേതനം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

Sheela K

സെക്ഷൻ ഓഫീസർ

| ക്രമ നം. | ജില്ല | അദ്ധ്യാപകർ | ആയ |
|---|---|---|---|
| 1. | തിരുവനന്തപുരം | 14 | 5 |
| 2. | കൊല്ലം | 12 | 13 |
| 3. | പത്തനംതിട്ട | 64 | 32 |
| 4. | ആലപ്പുഴ | 19 | 13 |
| 5. | കോട്ടയം | 14 | 11 |
| 6. | ഇടുക്കി | 30 | 21 |
| 7. | എറണാകുളം | - | - |
| 8. | തൃശ്ശൂർ | 39 | 23 |
| 9. | പാലക്കാട് | 39 | 18 |
| 10. | മലപ്പുറം | 192 | 98 |
| 11. | കോഴിക്കോട് | 105 | 45 |
| 12. | വയനാട് | 14 | 14 |
| 13. | കണ്ണൂർ | 149 | 65 |
| 14. | കാസർഗോഡ് | 25 | 13 |
| ആകെ | | 716 | 371 |

Sheela H